നം.ഇഎക്സ്/എച്ച്4/30065/2018/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം 12
തീയതി: 03/12/2018.

## സംസ്കൃതം/അറബിക്/ഉറുദു ഭാഷാദ്ധ്യാപക പരീക്ഷ 2018 – 2019

## വിജ്ഞാപനം

വിഷയം: എൽ.പി/യു.പി വിഭാഗങ്ങളിലെ സംസ്കൃതം/അറബിക്/ഉറുദു ഭാഷാദ്ധ്യാപക പരീക്ഷ 2018 – 2019 – സംബന്ധിച്ച്.

സൂചന: 1) ജി.ഒ. (എം.എസ്.) 216/11/പൊ.വി.വ. തീയതി 28/10/2011
2) ജി.ഒ. (എം.എസ്.) 234/13/പൊ.വി.വ. തീയതി 19/08/2013
3) ജി.ഒ. (എം.എസ്.) 159/15/പൊ.വി.വ. തീയതി 12/06/2015
4) ഗവ. കത്ത് നം.ജെ3/224/2018/പൊ.വി.വ തീയതി 17/11/2018

എൽ.പി./യു.പി വിഭാഗങ്ങളിലെ അറബിക്, ഉറുദു, സംസ്കൃതം ഭാഷാദ്ധ്യാപക യോഗ്യതാ നിർണയത്തിനായി പരീക്ഷാ കമ്മീഷണർ നടത്തിയിരുന്ന അറബിക്/ഉറുദു/ സംസ്കൃത ഭാഷാദ്ധ്യാപക യോഗ്യതാ പരീക്ഷകൾ 2018 – 2019 അദ്ധ്യയന വർഷം കൂടി തുടരുവാൻ സൂചന (4) കത്ത് പ്രകാരം സർക്കാർ അനുമതി നൽകുകയുണ്ടായി.

എൽ.പി/യു.പി അറബിക്/സംസ്കൃതം/ഉറുദു അദ്ധ്യാപക തസ്തികകളിലേയ്ക്ക് നടത്തിയിരുന്ന പ്രസ്തുത യോഗ്യതാ പരീക്ഷകളുടെ സിലബസ് സൂചന (2) പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിരുന്നു.

അറബിക്/ഉറുദു/സംസ്കൃതം അദ്ധ്യാപക യോഗ്യത പരീക്ഷയ്ക്കുള്ള കോഴ്സിൽ ടീച്ചിംഗ് പ്രാക്ടീസ് കൂടി ഉൾപ്പെടുത്തുവാൻ സൂചന (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2018–2019 അദ്ധ്യയന വർഷത്തെ സംസ്കൃതം/അറബിക്/ഉറുദു അദ്ധ്യാപക പരീക്ഷ പുതിയ സ്കീമിൽ സൂചന (4) ലെ സർക്കാർ നിർദ്ദേശ പ്രകാരം 2019 മാർച്ച് മാസത്തിൽ താഴെപറയുന്ന കേന്ദ്രങ്ങളിൽ വച്ച് 01.03.2019 മുതൽ 08.03.2019 വരെ നടത്തുന്നതാണ്.

പരീക്ഷകളുടെ ടൈംടേബിളിന് അനുബന്ധം 9 കാണുക

## പരീക്ഷാകേന്ദ്രങ്ങൾ

### സംസ്കൃതം

1. ഗവൺമെന്റ് ഹൈസ്ക്കൂൾ, മുല്ലേരിയ, കാസർഗോഡ് 670 543
2. ചൊവ്വ എച്ച്.എസ്.എസ്, ചൊവ്വ. പി.ഒ, കണ്ണൂർ 670 006
3. ബി.ഇ.എം ഹൈസ്ക്കൂൾ വടകര, വടകര. പി.ഒ 673 101
4. സെന്റ് തോമസ് കോളേജ് ഹയർ സെക്കന്ററി സ്കൂൾ, തൃശ്ശൂർ 680 005
5. എസ്.എച്ച് മൗണ്ട് ഹൈസ്കൂൾ, കോട്ടയം 686 008
6. ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ, കൊട്ടാരക്കര 691 506

### അറബിക്

1. ഗവൺമെന്റ് ടി.ടി.ഐ, മണക്കാട്, തിരുവനന്തപുരം
2. ഗവൺമെന്റ് ടി.ടി.ഐ, കൊല്ലം
3. ഗവൺമെന്റ് എച്ച്.എസ്.എസ് ഇടപ്പള്ളി, എറണാകുളം
4. ഡി.എച്ച്.എസ് നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട്
5. ഗവൺമെന്റ് ടി.ടി.ഐ, മലപ്പുറം
6. ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, മഞ്ചേരി, മലപ്പുറം
7. ഗവൺമെന്റ് ബോയ്സ് എച്ച്.എസ്. തിരൂർ
8. ഡബ്ല്യൂ.ഒ.വി.എച്ച്.എസ്.എസ്, മുട്ടിൽ, വയനാട്
9. ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ ഫോർ ഗേൾസ്, നടക്കാവ്, കോഴിക്കോട്
10. ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്, മാനാഞ്ചിറ, കോഴിക്കോട്
11. ഗവൺമെന്റ് വി.എച്ച്.എസ്.ഇ, (സ്പോർട്സ്, കണ്ണൂർ)
12. ഗവൺമെന്റ് ടൗൺ എച്ച്.എസ്, കണ്ണൂർ
13. ഗവൺമെന്റ് എച്ച്.എസ്.എസ്, പള്ളിക്കുന്ന്, കണ്ണൂർ
14. ഗവൺമെന്റ് എച്ച്.എസ്.എസ്, ചെർക്കള സെൻട്രൽ, ചെർക്കള, കാസറഗോഡ്

### ഉർദു

1. ഗവൺമെന്റ് ബോയ്സ് എച്ച്.എസ്. മലപ്പുറം
2. മൂത്തേടത്ത് എച്ച്.എസ്. തളിപറമ്പ്, കണ്ണൂർ

## I. പരീക്ഷയെഴുതുന്നതിന് വേണ്ടയോഗ്യതകൾ:

### സംസ്കൃതം

1. അക്കാദമിക് സ്കൂളുകളിൽ നിന്നോ, സംസ്കൃത സ്കൂളുകളിൽ നിന്നോ സംസ്കൃതം ഒന്നാം ഭാഷയായി നേടിയ എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത അതോടൊപ്പം ഹയർ സെക്കൻഡറി തലത്തിൽ 50% മാർക്കോടുകൂടിയ സർട്ടിഫിക്കറ്റ്, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത. .

അല്ലെങ്കിൽ

2. സംസ്കൃതം രണ്ടാം ഭാഷയായോ, ഐച്ഛികമായോ 50% മാർക്കോടുകൂടി നേടിയ ഹയർ സെക്കൻഡറി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

### അറബിക്

1. അക്കാദമിക് സ്കൂളുകളിൽ നിന്നോ ഓറിയന്റൽ സ്കൂളുകളിൽ നിന്നോ അറബിക് ഒന്നാം ഭാഷയായി നേടിയ എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

അല്ലെങ്കിൽ

2. അറബിക് രണ്ടാം ഭാഷയായോ ഐച്ഛികമായോ 50 ശതമാനം മാർക്കോടുകൂടിയ ഹയർ സെക്കൻഡറി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യമായ യോഗ്യത

### ഉറുദു

1. ഉറുദു ഒന്നാംഭാഷയായി നേടിയ എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത അതോടൊപ്പം ഹയർ സെക്കൻഡറി തലത്തിൽ 50% മാർക്കോടുകൂടിയ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

അല്ലെങ്കിൽ

2. ഉറുദു രണ്ടാം ഭാഷയായോ, ഐച്ഛികമായോ 50% മാർക്കോട് കൂടി നേടിയ ഹയർ സെക്കൻഡറി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

**പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി 01/06/2018 ന് 17 വയസ്സ് പൂർത്തിയായിരിക്കണം.**

## II. പരീക്ഷയുടെ പേപ്പറുകളും ആകെ മാർക്കും സമയവും

### സംസ്കൃതം

| Sl. No | Papers | Maximum Marks | Minimum Marks | Duration (Hours) |
|---|---|---|---|---|
| **Part – 1** | | | | |
| 1 | Paper – I<br>Educational Psychology, Principles of Teaching Child Development and Pedagogy | 100 | 40 | 3 |
| 2 | Paper – II<br>Pedagogy of teaching , Sanskrit, English, Malayalam | 100 | 40 | 3 |
| **Part - II** | | | | |
| 3 | Paper - III<br>Poetry | 100 | 40 | 3 |
| 4 | Paper - IV<br>Prose : Champu, Drama | 100 | 40 | 3 |
| 5 | Paper – V<br>Vyakarana, Vritha, Alankara | 100 | 40 | 3 |
| 6 | Paper – VI<br>History of Sanskrit Literature with reference to Sanskrit writers in Kerala | 100 | 40 | 3 |
| Total | | 600 | 240 | |

പാർട്ട് ഒന്നിലെ പേപ്പറുകൾക്ക് മാതൃഭാഷയിൽ അല്ലെങ്കിൽ ഇംഗ്ലീഷിൽ ഉത്തരം എഴുതേണ്ടതാണ്. പാർട്ട് രണ്ടിലെ 3 മുതൽ 5 വരെയുള്ള പേപ്പറുകൾ സംസ്കൃത ഭാഷയിൽ ദേവനാഗിരി ലിപിയിൽ ഉത്തരമെഴുതേണ്ടതാണ്. പേപ്പർ 6 ൽ ചോദ്യപേപ്പറിലെ നിർദ്ദേശാനുസരണം ഉത്തരം എഴുതേണ്ടതാണ്.

## അറബിക്

| Sl. No | Papers | Maximum Marks | Minimum Marks | Duration (hours) |
|---|---|---|---|---|
| 1 | Paper- I<br>Foundations of Education: Philosophical, Sociological, Psychological and Technological | 100 | 40 | 3 |
| 2 | Paper – II<br>Language & Language learning | 100 | 40 | 3 |
| 3 | Paper - III<br>Classical and Modern prose | 100 | 40 | 3 |
| 4 | Paper – IV<br>Classical and Modern poetry | 100 | 40 | 3 |
| 5 | Paper –V<br>Applied grammar, Rhetorics, Prosody and Functional Arabic | 100 | 40 | 3 |
| 6 | Paper – VI<br>History of Arabs, Arabic Language & literature | 100 | 40 | 3 |

പേപ്പർ ഒന്ന് മാതൃഭാഷയിലോ ഇംഗ്ലീഷിലോ ഉത്തരം എഴുതാവുന്നതും രണ്ട് മുതൽ ആറ് വരെയുള്ള പേപ്പറുകൾക്ക് അറബിക് ഭാഷയിൽ ഉത്തരം എഴുതേണ്ടതുമാണ്.

## ഉറുദു

| Sl. No | Papers | Maximum Marks | Minimum Marks | Duration (hours) |
|---|---|---|---|---|
| 1 | Paper- I<br>Foundations of Education: Philosophical, Sociological, and Psychological | 100 | 40 | 3 |
| 2 | Paper – II<br>Language & Language learning Urdu | 100 | 40 | 3 |
| 3 | Paper - III<br>Urdu prose | 100 | 40 | 3 |
| 4 | Paper – IV<br>Urdu poetry | 100 | 40 | 3 |
| 5 | Paper –V<br>Functional Urdu | 100 | 40 | 3 |
| 6 | Paper – VI<br>History of Urdu Language & literature | 100 | 40 | 3 |
| Total Marks | | 600 | 240 | |

പേപ്പർ ഒന്ന് മാതൃഭാഷയിലോ, ഇംഗ്ലീഷിലോ ഉത്തരം എഴുതേണ്ടതാണ്. രണ്ട് മുതൽ ആറ് വരെയുള്ള പേപ്പറുകൾക്ക് ഉറുദു ഭാഷയിൽ ഉത്തരം എഴുതേണ്ടതുമാണ്.

## III. പരീക്ഷ വിജയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

- സംസ്കൃത പരീക്ഷ ജയിക്കുന്നതിന് പാർട്ട് മിനിമം 40% വും ഓരോ പേപ്പറിനും കുറഞ്ഞത് 35% വും ഉണ്ടായിരിക്കേണ്ടതാണ്. ഒരു പേപ്പർ പരാജയപ്പെടുകയാണെങ്കിൽ പാർട്ട് മുഴുവനും വീണ്ടും എഴുതേണ്ടതാണ്.
- അറബിക്/ഉറുദു പരീക്ഷകളിൽ ഓരോ വിഷയത്തിനും 100 മാർക്കിൽ 40 മാർക്ക് ലഭിക്കുന്ന പരീക്ഷാർത്ഥികളെ ജയിച്ചതായി പ്രഖ്യാപിക്കും.
- 60% വും അതിലധികവും മാർക്ക് ആദ്യ അവസരത്തിൽ തന്നെ ലഭിക്കുന്ന പരീക്ഷാർത്ഥികളെ ഫസ്റ്റ് ക്ലാസ്സിലും 50 % ഉം അതിനു മുകളിലും എന്നാൽ 60% ത്തിനു താഴെയും മാർക്ക് ലഭിക്കുന്നവരെ സെക്കന്റ് ക്ലാസ്സിലും 50 ശതമാനത്തിനു താഴെ മാർക്കോടുകൂടെ പാസാകുന്നവരെ തേർഡ് ക്ലാസ്സിലും പാസ്സായതായി കണക്കാക്കുന്നതാണ്.

## പരിഷ്ക്കരിച്ച സ്കീമിൽ ടീച്ചിംഗ് പ്രാക്ടീസിന്റെ വിശദാംശങ്ങൾ:

- ടീച്ചിംഗ് പ്രാക്ടീസ് 2019 ജനുവരി/ഫെബ്രുവരി മാസങ്ങളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.
- പരീക്ഷാഭവൻ തെരഞ്ഞെടുത്ത് അംഗീകരിച്ച് നൽകുന്ന സ്ക്കൂളുകളിൽ തന്നെ പരീക്ഷാർത്ഥികൾ ടീച്ചിംഗ്പ്രാക്ടീസ് പൂർത്തിയാക്കേണ്ടതാണ്.
- വിദ്യാലയത്തിൽ യു.പി വിഭാഗത്തിൽ 30 പീരീയഡുകളിലെ ഹാജർ ഉണ്ടായിരിക്കണം (30 ദിവസത്തിൽ)
- സംസ്കൃതം/അറബിക്/ഉറുദു കൂടാതെ ഇംഗ്ലീഷ്/മലയാളം/മാതൃഭാഷാ എന്നിവയിൽ താഴെ നൽകും പ്രകാരം ക്ലാസ്സുകൾ എടുക്കേണ്ടതും നിർദ്ദിഷ്ട പാഠാസൂത്രണ കുറിപ്പുകൾ മറ്റ് അനുബന്ധ രേഖകൾ എന്നിവ അതതു വിഷയത്തിലെ സീനിയർ അദ്ധ്യാപകരുടെ അംഗീകാരത്തിന് മുൻകൂട്ടി എഴുതി നൽകേണ്ടതുമാണ്.
- മുപ്പത് പിരീഡുകളിൽ ഒന്ന് മൂല്യ നിർണ്ണയത്തിനായി വിനിയോഗിക്കേണ്ടതാണ്.

| വിഷയം | ക്ലാസ്സുകളുടെ എണ്ണം | മൂല്യനിർണ്ണയം | ആകെ പിരീഡ് |
|---|---|---|---|
| സംസ്കൃതം / അറബിക് / ഉർദു | 19 | 1 | 20 |
| മലയാളം / മാതൃഭാഷ | 4 | 1 | 5 |
| ഇംഗ്ലീഷ് | 4 | 1 | 5 |

അതതു വിഷയങ്ങളിലെ സീനിയർ അദ്ധ്യാപകർ പ്രസ്തുത പാഠാസൂത്രണകുറിപ്പുകളും, ക്ലാസ്സുകളും അനുബന്ധ രേഖകളും പരിശോധിച്ച് താഴെ നിർദ്ദേശിച്ച രീതിയിൽ മാർക്കുകൾ നൽകേണ്ടതുമാണ്.

| Subject | Teaching Mark | Evaluation Mark | Total |
|---|---|---|---|
| Sanskrit/Arabic/Urdu | 50 | 10 | 60 |
| Malayalam/Mother Tongue | 10 | 10 | 20 |
| English | 10 | 10 | 20 |
| Total | 70 | 30 | 100 |

Teaching Practice നടത്തുന്ന വിദ്യാലയത്തിലെ പ്രധാന അദ്ധ്യാപകൻ Teaching Practice ന് ശേഷം ട്രെയിനിംഗ് സർട്ടിഫിക്കറ്റും മാർക്ക് ഷീറ്റും തയ്യാറാക്കി സീൽ ചെയ്ത കവറിൽ പരീക്ഷാഭവനിൽ എത്തിക്കേണ്ടതാണ്.

ചുവടെ കൊടുത്തിരിക്കുന്ന രീതിയിൽ ടീച്ചിംഗ് പ്രാക്ടീസിന് മാർക്ക് നൽകേണ്ടതാണ്. വിജയിക്കുന്നതിന് കുറഞ്ഞത് 50% സ്കോർ ലഭിക്കണം

| **Sanskrit/Arabic/Urdu** | | | |
|---|---|---|---|
| Planning | 10 | Question Paper | 6 |
| Effective Communication | 15 | Question wise Analysis | 2 |
| Class Management | 15 | Preparation of Mark list | 2 |
| Use of learning Materials | 10 | Total | 10 |
| Total | 50 | | |

| Malayalam/മാതൃഭാഷ | | | |
|---|---|---|---|
| Planning | 2 | Question Paper | 6 |
| Effective Communication | 3 | Question wise Analysis | 2 |
| Class Management | 3 | Preparation of Mark list | 2 |
| Use of learning Materials | 2 | Total | 10 |
| Total | 10 | | |

| English | | | |
|---|---|---|---|
| Planning | 2 | Question Paper | 6 |
| Effective Communication | 3 | Question wise Analysis | 2 |
| Class Management | 3 | Preparation of Mark list | 2 |
| Use of learning Materials | 2 | Total | 10 |
| Total | 10 | | |

## IV. പ്രൈവറ്റ് പരീക്ഷ

2016-2017 വർഷങ്ങളിൽ സംസ്കൃതം/അറബിക്/ഉറുദു അധ്യാപക പരീക്ഷ എഴുതി പരാജയപ്പെട്ടവർക്കും തോറ്റവിഷയങ്ങൾ / പാർട്ട് I, II & III വീണ്ടും എഴുതുന്നതിന് ഫീസടച്ച് അപേക്ഷിക്കാവുന്നതാണ്. മുൻ അവസരത്തിലെ രജിസ്റ്റർ നമ്പർ അപേക്ഷയിൽ ചേർക്കേണ്ടതാണ്. എഴുത്ത് പരീക്ഷയ്ക്കു പുറമേ Teaching Practice നും (സംസ്കൃതം പാർട്ട് III, അറബിക്/ ഉറുദു പാർട്ട് II) ഫീസ് അടച്ച് അപേക്ഷിക്കാവുന്നതാണ്.

## V. അപേക്ഷകൻ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ

1. അപേക്ഷകന്റെ പേരും മേൽവിലാസവും വ്യക്തമായും പൂർണ്ണമായും അപേക്ഷയിൽ എഴുതേണ്ടതാണ്. കൈവശമുള്ള പത്താം ക്ലാസ് സർട്ടിഫിക്കറ്റിലെ പേര് അതേ രൂപത്തിൽ വലിയ അക്ഷരത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും എഴുതേണ്ടതാണ്.

2. പാസ്പോർട്ട് വലുപ്പത്തിലുള്ള മൂന്ന് ഫോട്ടോകളിൽ ഒന്ന് അഡ്മിഷൻ ടിക്കറ്റിലും മറ്റൊന്ന് ഐഡന്റിറ്റി സർട്ടിഫിക്കറ്റിലും ഒരെണ്ണം അപേക്ഷയിലും ഒട്ടിക്കേണ്ടതാണ്. ഫോട്ടോകൾ ആറ് മാസത്തിനകം എടുത്തതാകണം. ഫോട്ടോകൾ ഏതെങ്കിലും ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടേയോ, ആഫീസിന്റേയോ സീൽ ഫോട്ടോയിൽ പതിയരുത്. ഫോട്ടോയിൽ സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെ ഒപ്പ് മാത്രമേ പാടുള്ളു.

3. ഈ വിജ്ഞാപനത്തിൽ കൊടുത്തിരിക്കുന്ന മാതൃകയിൽ അപേക്ഷാഫാറം, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, അഡ്മിഷൻ ടിക്കറ്റ് (അനുബന്ധം 1 മുതൽ 3 വരെ) പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകൾ ഉള്ളടക്കം ചെയ്തു പരീക്ഷാർത്ഥികൾ അതാതു പരീക്ഷാ സെന്ററിലെ ചീഫ് സൂപ്രണ്ടിനെ 13.12.2018 ന് മുമ്പ് ഏൽപിക്കേണ്ടതാണ്.

4. ടീച്ചിംഗ് പ്രാക്ടീസിനായി അപേക്ഷകൻ നിയമിക്കപ്പെടുന്ന സ്കൂളുകൾ ഏത് ജില്ലാവിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലാണ് എന്ന് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. (അനുബന്ധം 8 കാണുക)

VI. <u>പരീക്ഷയെ സംബന്ധിക്കുന്ന പൊതു നിർദ്ദേശങ്ങൾ:</u>

1. പരീക്ഷാർത്ഥികൾ പരീക്ഷാ കേന്ദ്രത്തിൽ നേരിട്ട് ഹാജരായി അഡ്മിഷൻ ടിക്കറ്റ് കൈപ്പറ്റേണ്ടതാണ്. പരീക്ഷ തുടങ്ങുന്നതിന് മൂന്ന് ദിവസത്തിനു മുൻപ് ചീഫ് സൂപ്രണ്ടിൽ നിന്നും അഡ്മിഷൻ ടിക്കറ്റ് വാങ്ങേണ്ടതാണ്. പരീക്ഷയെഴുതുന്ന സമയത്ത് അഡ്മിഷൻ ടിക്കറ്റ് പരീക്ഷാർത്ഥിയുടെ പക്കൽ ഉണ്ടായിരിക്കേണ്ടതും ചീഫ് സൂപ്രണ്ടോ, അസിസ്റ്റന്റ് സൂപ്രണ്ടോ, പരീക്ഷയുമായി ബന്ധപ്പെട്ട മറ്റ് അധികാരികളോ ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാകുന്നു. അഡ്മിഷൻ ടിക്കറ്റ് കൈവശം ഇല്ലാത്ത പരീക്ഷാർത്ഥികളെ പരീക്ഷയ്ക്ക് പ്രവേശിപ്പിക്കുവാൻ ചീഫ് സൂപ്രണ്ടുമാർക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല. പരീക്ഷാഫലം പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതുവരെ അഡ്മിഷൻ ടിക്കറ്റ് സൂക്ഷിക്കേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റ് നഷ്ടപ്പെട്ടുപോയാൽ പരീക്ഷാർത്ഥി പരീക്ഷാ കമ്മീഷണറുടെ ആഫീസിലേയ്ക്ക് ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കേണ്ടതാണ്. തൃപ്തികരമായ കാരണങ്ങളാണെന്ന് ബോദ്ധ്യമാകുന്ന പക്ഷം ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റുകൾ നൽകുന്നതാണ്. ഇതിനുവേണ്ടി രൂപ 10/ (പത്ത് രൂപ) "0202-01-102-92 അദർ റെസീപ്റ്റ്സ്" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ അടച്ച് ചെലാൻ രസീത് സഹിതം അപേക്ഷിക്കേണ്ടതാണ്. പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ചു ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ അഡ്മിഷൻ ടിക്കറ്റും ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ എസ്.എസ്.എൽ.സിയുടെയും/ഹയർ സെക്കന്ററി സർട്ടിഫിക്കറ്റിന്റെയും പകർപ്പുകൾ ഈ അപേക്ഷയോടൊന്നിച്ച് ഹാജരാക്കണം.

2. പരീക്ഷാഭവൻ പരീക്ഷാ സെന്ററിലേയ്ക്ക് അയച്ചുകൊടുക്കുന്ന പരീക്ഷാർത്ഥിയുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയ 'എ' ലിസ്റ്റ് അഡ്മിഷൻ ടിക്കറ്റ് വാങ്ങുമ്പോൾ ചീഫ് സൂപ്രണ്ടിന്റെ സഹായത്തോടുകൂടി പരീക്ഷാർത്ഥികൾ പരിശോധിക്കേണ്ടതും തങ്ങളുടെ പേര്, ഇനിഷ്യൽ, ജനനത്തീയതി തുടങ്ങിയ വിവരങ്ങൾ അപേക്ഷയിൽ നൽകിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമാണെന്ന് തോന്നുന്ന പക്ഷം ആയത് രേഖാമൂലം ചീഫ് സൂപ്രണ്ടിനെ അറിയിക്കേണ്ടതാണ്.

3. നിശ്ചിത സമയത്തിന് പത്ത് മിനിറ്റിന് മുൻപുതന്നെ പരീക്ഷാർത്ഥികൾ പരീക്ഷാഹാളിൽ അവരവരുടെ സ്ഥാനങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞു വരുന്നവരെ പരീക്ഷയ്ക്ക് പ്രവേശിപ്പിക്കുന്നതല്ല.

4. ഉത്തരക്കടലാസ് തിരിച്ചേൽപ്പിക്കാതെ ആരെയും തന്നെ പരീക്ഷാഹാൾ വിട്ട് പുറത്തു പോകാൻ അനുവദിക്കുന്നതല്ല.

5. ഒരിക്കൽ പുറത്തുപോയ പരീക്ഷാർത്ഥിയെ വീണ്ടും പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുന്നതല്ല.

6. പരീക്ഷാഹാളിൽ പൂർണ്ണ നിശബ്ദത പാലിക്കേണ്ടതാണ്.

7. ചോദ്യക്കടലാസിൽ പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പർ ഒഴികെ തിരിച്ചറിയാൻ സാധിക്കുന്ന യാതൊന്നും തന്നെ എഴുതുവാൻ പാടില്ല.

8. പരീക്ഷാർത്ഥികൾക്ക് നൽകുന്ന ഉത്തരക്കടലാസിൽ രണ്ട് വശത്തും എഴുതാവുന്നതാണ് ഇതു സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ പരീക്ഷാഹാളിൽ നൽകുന്നതായിരിക്കും.

9. പരീക്ഷയെഴുതിക്കഴിഞ്ഞ് ഉത്തരക്കടലാസുകൾ അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ടതാണ്.

10. ഉത്തരക്കടലാസുകൾ അതിന്റെ ഇടതുവശത്ത് മുകൾ വശത്തായി തുന്നിക്കെട്ടിയിരിക്കണം,

11. പരീക്ഷാർത്ഥികളുടെ പേരോ പരീക്ഷാകേന്ദ്രത്തിന്റെ പേരോ യാതൊരു കാരണവശാലും ഉത്തരക്കടലാസിൽ എഴുതുവാൻ പാടുള്ളതല്ല. അങ്ങനെയുള്ള ഏതെങ്കിലും വിവരങ്ങൾ എഴുതിയിട്ടുള്ള ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്താതെ നിരസിക്കുന്നതായിരിക്കും.

12. ചീഫ് സൂപ്രണ്ടിനോടും അസിസ്റ്റന്റ് സൂപ്രണ്ടിനോടും പരീക്ഷയുമായി ബന്ധപ്പെട്ട മറ്റ് അധികാരികളോടും അപമര്യാദയായി പെരുമാറുന്നവരേയും, ക്രമക്കേടുകൾ കാണിക്കുന്നവരേയും പരീക്ഷാഹാളിൽ നിന്ന് പുറത്താക്കുന്നതും അവരെ തുടർന്നുള്ള പരീക്ഷ എഴുതുവാൻ അനുവദിക്കാത്തതുമാണ്. മറ്റ് പരീക്ഷാർത്ഥികളിൽ നിന്നും പകർത്തി എഴുതുവാൻ ശ്രമിക്കുന്നതും പകർത്തി എഴുതുന്നതിന് മറ്റുള്ളവർക്ക് സൗകര്യം ചെയ്തു കൊടുക്കുന്നതും മറ്റുള്ളവരുമായി സംസാരിക്കുന്നതും എഴുതിയതോ, അച്ചടിച്ചതോ ആയ കടലാസുകൾ കൈവശംവയ്ക്കുന്നതും ക്രമക്കേടായി കണക്കാക്കുന്നതാണ്.

13. പരീക്ഷയിൽ ക്രമക്കേടുകൾ കാണിക്കുന്നവരുടേയും അപമര്യാദയായി പെരുമാറുന്നവരുടേയും പരീക്ഷാർത്ഥിത്വം റദ്ദു ചെയ്യുന്നതും അവരെ അവർ ചെയ്ത തെറ്റിന്റെ ഗൗരവം അനുസരിച്ച് ഈ ബോർഡ് നടത്തുന്ന പൊതു പരീക്ഷകൾക്ക് ചേരുന്നതിൽ നിന്നും സ്ഥിരമായോ, ഒരു നിശ്ചിത കാലയളവിലേക്കോ നിരോധിക്കുന്നതായിരിക്കും.

14. ഈ വിജ്ഞാപന പ്രകാരം പരീക്ഷയ്ക്ക് ചേർന്നിട്ടുള്ള എല്ലാ പരീക്ഷാർത്ഥികളും പരീക്ഷയെ സംബന്ധിച്ച് നിലവിലുള്ളതും ഈ വിജ്ഞാപനത്തിനു ശേഷം പുറപ്പെടുവിക്കുന്നതുമായ എല്ലാ നിയമങ്ങളും അനുസരിക്കാൻ ബാധ്യസ്ഥരാണെന്നുള്ള ഒരു ഉറപ്പ് പരീക്ഷാ കമ്മീഷണർക്ക് നൽകിയിട്ടു ള്ളതായി കണക്കാക്കുന്നതാണ്.

15. പരീക്ഷയിൽ വിജയിക്കുന്നവരുടെ രജിസ്റ്റർ നമ്പരുകൾ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ (www.keralapareekshabhavan.in) പ്രസിദ്ധീകരിക്കുന്നതാണ്.

16. ഉത്തരക്കടലാസിന്റെ സ്ക്രൂട്ടിണിക്കു വേണ്ടിയുള്ള അപേക്ഷകൾ, പരീക്ഷാകേന്ദ്രങ്ങളിൽ മാർക്ക് ലിസ്റ്റ് ലഭിച്ച് 10 ദിവസത്തിനകം സമർപ്പിക്കേ ണ്ടതാണ്. ഒരു പേപ്പറിന് 25/- രൂപയാണ് സ്ക്രൂട്ടണിക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ്. പ്രസ്തുത ഫീസ് 0202-01-102-92 അദർ റെസീപ്റ്റ്സ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷയോടൊപ്പം ഹാജരാക്കേ ണ്ടതാണ്.

17. ഉത്തരക്കടലാസുകൾ ഒരു കാരണവശാലും പുനർ മൂല്യനിർണയം ചെയ്യുന്നതല്ല.

## VII. ചീഫ് സൂപ്രണ്ടിന് നൽകുന്ന നിർദ്ദേശങ്ങൾ

1. പരീക്ഷ നടത്തുന്ന കേന്ദ്രത്തിലെ ഹെഡ്മാസ്റ്റർ പരീക്ഷയുടെ ചീഫ് സൂപ്രണ്ടായിരിക്കും.

2. പരീക്ഷാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റുകൾ അതാതു പരീക്ഷാ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ട് നേരിട്ട് വിതരണം ചെയ്യേണ്ടതാണ്.

3. ചീഫ് സൂപ്രണ്ടുമാർ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അസൽ ചെലാൻ, ഫോട്ടോ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ തുടങ്ങിയവ പരിശോധിച്ച് 'എ' ലിസ്റ്റ് തയാറാക്കി ലഭിച്ചിട്ടുള്ള അപേക്ഷയോടൊപ്പം 17/12/2018 നു 5 മണിക്ക് മുമ്പായി ലഭിക്കത്തക്കവിധം രജിസ്റ്റേർഡ് പാഴ്സൽ ആയി സൂപ്രണ്ട്'എച്ച്' സെക്ഷൻ, പരീക്ഷാകമ്മീഷണറുടെ കാര്യാലയം, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം 12 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അപേക്ഷ അയക്കുന്ന കവറിന്റെ മുകളിൽ സംസ്കൃത/അറബിക്/ഉറുദു അദ്ധ്യാപക പരീക്ഷ മാർച്ച് 2019 എന്ന് വ്യക്തമായി എഴുതേണ്ടതാണ്.

4. മാർക്ക് ലിസ്റ്റ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് മുൻപ് ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്

## VIII. പരീക്ഷയുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങളും, തീയതികളും, ഫീസ് ഘടനയും

1.. പരീക്ഷാർത്ഥികൾക്ക് പരീക്ഷ കേന്ദ്രങ്ങളിൽ. 04.12.2018 മുതൽ 10.12.2018 വരെ ഫൈനില്ലാതെയും, 10/- രൂപ ഫൈനോടുകൂടി 13.12.2018 വരെയും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2. സെന്റർ ചീഫ് സൂപ്രണ്ടുമാർ 'എ' ലിസ്റ്റ് തയ്യാറാക്കി ലഭിച്ചിട്ടുള്ള അപേക്ഷകളോടൊപ്പം പരീക്ഷാ കമ്മീഷണറാഫീസിൽ സമർപ്പിക്കേണ്ട അവസാന തീയതി. 17.12.2018.

3. **പരീക്ഷാ ഫീസ്**

| | | | |
|---|---|---|---|
| എ) | എല്ലാ ഗ്രൂപ്പിനും | : | രൂ. 50/- |
| ബി) | മാർക്ക് ലിസ്റ്റ് | : | രൂ. 40/- |
| സി) | സ്ക്രൂട്ടിണി | : | രൂ. 25/- |
| ഡി) | ഒരു പാർട്ടിന് | : | രൂ 30/- |
| ഇ) | ഒരു പേപ്പറിന് | : | രൂ. 15/- |
| എഫ്) | ഫൈൻ | : | രൂ. 10/- |

5. പരീക്ഷാ ഫീസും ഫൈനും " 0202-01-102-99 എക്സാമിനേഷൻ ഫീസ്" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.

6. ഉത്തരക്കടലാസിന്റെ സ്ക്രൂട്ടിണിക്കു വേണ്ടി അപേക്ഷിക്കേണ്ട തീയതി മാർക്ക് ലിസ്റ്റ് പരീക്ഷാകേന്ദ്രങ്ങളിൽ ലഭിച്ച് 10 ദിവസത്തിനുള്ളിൽ ആയിരിക്കണം

7. ഉത്തരക്കടലാസിന്റെ സ്ക്രൂട്ടിണിക്കുള്ള ഫീസ് രൂപ 25/- "0202-01-102-92 അദർ റെസീപ്റ്റ്സ്" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ അടയ്ക്കേണ്ടതാണ്. പിന്നോക്ക സമുദായത്തിലോ, മറ്റേതെങ്കിലും വിഭാഗത്തിൽപ്പെട്ടവർക്കോ ഫീസ് സൗജന്യം ഉണ്ടായിരിക്കുന്നതല്ല.

കെ.വി.മോഹൻകുമാർ ഐ.എ.എസ്
പരീക്ഷാകമ്മീഷണർ

<u>അനുബന്ധം- 1</u>

<u>സംസ്കൃതം/അറബിക്/ഉറുദു അധ്യാപക പരീക്ഷ .മാർച്ച് 2018-19</u>
<u>പ്രവേശനത്തിനുള്ള അപേക്ഷ</u>

1. പരീക്ഷാകേന്ദ്രത്തിന്റെ പേര് :

ഫോട്ടോ

2. പരീക്ഷാർത്ഥിയുടെ പേര് :
   എ) മാതൃഭാഷയിൽ :
   ബി) ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ
   (എസ്.എസ്.എൽ.സിയിലേതുപോലെ) :
3. പോസ്റ്റൽ വിലാസവും ഫോൺ നമ്പരും :
4. ജനനത്തീയതിയും, വയസ്സും :
5. ജാതി, മതം :
6. വിദ്യാഭ്യാസ യോഗ്യത
   (പകർപ്പ് ഉള്ളടക്കം ചെയ്യണം) :
7. എസ്.എസ്.എൽ.സി.ക്ക് / ഹയർ സെക്കന്ററിക്ക്
   ഐഛികം/ഉപഭാഷയായി പഠിച്ച വിഷയം :
   (പകർപ്പ് ഉള്ളടക്കം ചെയ്യണം)
8. പഠിച്ച സെക്കന്ററി/ഹയർസെക്കന്ററി
   സ്കൂളിന്റെ പേര് :
9. അടച്ച ഫീസ്, ചെലാൻ നമ്പർ, തീയതി, ട്രഷറി,
   സ്ഥലം (ചെലാൻ രസീത് ഉള്ളടക്കം ചെയ്യണം) :
10. ടീച്ചിംഗ് പ്രാക്ടീസിനായി തിരഞ്ഞെടുക്കുന്ന
    വിദ്യാഭ്യാസ ജില്ല (അനുബന്ധം 8 കാണുക) :
11. മുൻ ചാൻസിൽ പരാജയപ്പെട്ടവരുടെ
    രജിസ്റ്റർ നമ്പർ :

അപേക്ഷകന്റെ ഒപ്പ്

സ്ഥലം :
തീയതി :

**സാക്ഷ്യപത്രം**

ശ്രീ/ശ്രീമതി ............................................................... സമർപ്പിച്ചിരിക്കുന്ന അപേക്ഷ അതിനോടൊപ്പമുള്ള അനുബന്ധ രേഖ പ്രകാരം ശരിയാണെന്ന് ബോധ്യപ്പെട്ടു.

ഹെഡ്മാസ്റ്ററുടെ ഒപ്പ്

സ്ഥലം :
തീയതി :

**അനുബന്ധം 2**

**സംസ്കൃത/അറബിക്/ഉറുദു അദ്ധ്യാപക പരീക്ഷ മാർച്ച് 2018-19**

**ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്**

പരീക്ഷാർത്ഥിയുടെ പേര് :

ജനനത്തീയതി :

ഫോട്ടോ

(ഗസറ്റഡ് തസ്തികയിലുള്ള ഉദ്യോഗസ്ഥൻ ഫോട്ടോയിൽ ഒപ്പിടേണ്ടതാണ്) ഫോട്ടോയിൽ സീൽ പതിയരുത്

ഫോട്ടോ അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ
പേരും, മേൽവിലാസവും, ആഫീസ് മുദ്രയും :

പരീക്ഷാർത്ഥിയുടെ ഒപ്പ്
(ഫോട്ടോ അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ :
മുന്നിൽ വച്ചിടണം)

(ഓഫീസ് മുദ്ര)

സ്ഥലം:
തീയതി:

..............................................................................................................................................

**അനുബന്ധം 3**

**സംസ്കൃത/അറബിക്/ഉറുദു അദ്ധ്യാപക പരീക്ഷ . മാർച്ച് 2018-19**

**അഡ്മിഷൻ ടിക്കറ്റ്**

പരീക്ഷാകേന്ദ്രത്തിന്റെ പേര് :

പരീക്ഷാർത്ഥിയുടെ പേര് :

മലയാളത്തിൽ :

ഇംഗ്ലീഷിൽ :

ഫോട്ടോ

ജനനത്തീയതി :

(ഗസറ്റഡ് തസ്തികയിലുള്ള ഉദ്യോഗസ്ഥൻ ഫോട്ടോയിൽ ഒപ്പിടേതാണ്) ഫോട്ടോയിൽ സീൽ പതിയരുത്

ഫോട്ടോ അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ
പേരും, മേൽവിലാസവും, ആഫീസ് മുദ്രയും

പരീക്ഷാർത്ഥിയുടെ ഒപ്പ്
(ഫോട്ടോ അറ്റസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മുന്നിൽ വച്ചിടണം)

(സ്കൂൾ സീൽ) ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്

---

ഓഫീസ് ഉപയോഗത്തിന്
രജിസ്റ്റർ നമ്പർ

**അനുബന്ധം- 4**

**<u>സംസ്കൃതം/അറബിക്/ഉറുദു അധ്യാപക പരീക്ഷ മാർച്ച് 2018-19</u>**

**സ്ക്രൂട്ടിണിക്കുള്ള അപേക്ഷ**

1. രജിസ്റ്റർ നമ്പർ :
2. പരീക്ഷാർത്ഥിയുടെ പേര് :
3. പോസ്റ്റൽ വിലാസവും ഫോൺ നമ്പരും :
4. പരീക്ഷാ കേന്ദ്രത്തിന്റെ പേര് :
5. സ്ക്രൂട്ടിണിക്ക് അപേക്ഷിച്ച പേപ്പറുകൾ

| ക്രമ നം. | പേപ്പർ | ലഭിച്ച മാർക്ക് |
|---|---|---|
| 1. | | |
| 2. | | |
| 3. | | |
| 4. | | |
| 5. | | |
| 6. | | |

6. അടച്ച ഫീസ്, ചെലാൻ നമ്പർ, തീയതി
ട്രഷറി, സ്ഥലം
(അസൽ ചെലാൻ ഹാജരാക്കണം) :

പരീക്ഷാർത്ഥിയുടെ ഒപ്പ്

സ്ഥലം :

തീയതി :

**<u>സാക്ഷ്യപത്രം</u>**

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ സ്കൂൾ റിക്കാർഡ് പ്രകാരം ശരിയാണ്.

ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്

സ്ഥലം :

തീയതി :

(സ്കൂൾ സീൽ)

## അനുബന്ധം- 5

## സംസ്കൃതം/അറബിക്/ഉറുദു അധ്യാപക പരീക്ഷ. മാർച്ച് 2018-19

(പരീക്ഷാർത്ഥി പരിശീലനത്തിന് ഹാജരായ വിദ്യാലയത്തിലെ പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തണം)

## സാക്ഷ്യപത്രം

ശ്രീ/ശ്രീമതി ........................................................................... 30 അധ്യയന ദിവസത്തെ അദ്ധ്യാപന പരിശീലനം (സംസ്കൃതം*, അറബിക്*, ഉറുദു* - 20 ക്ലാസ്, മലയാളം - 5 ക്ലാസ്, ഇംഗ്ലീഷ് - 5 ക്ലാസ്) ഈ വിദ്യാലയത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

പേര്

സ്കൂളിന്റെ പേര്

NB:- അനുബന്ധം 5, 6 ന്റെ പകർപ്പുകൾ കൂടുതൽ പരിശോധനയ്ക്കായി സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

* ബാധകമല്ലാത്തത് വെട്ടിക്കളയുക.

## അനുബന്ധം- 6
## സംസ്കൃതം/അറബിക്/ഉറുദു അധ്യാപക പരീക്ഷ മാർച്ച് 2018-19

രജി. നം: ..............................................

1. പരീക്ഷാർത്ഥിയുടെ പേര് :
2. പരീക്ഷാർത്ഥിയുടെ SSLC/HSE രജിസ്റ്റർ നമ്പറും വർഷവും — SSLC :
   HSE :
3. പരിശീലനം നേടിയ വിദ്യാലയത്തിന്റെ പേര് :
4. വിദ്യാഭ്യാസ ജില്ല :

### പരീക്ഷാർത്ഥി പരിശീലനത്തിന് ഹാജരായ ദിവസങ്ങളുടെ വിവരം

| ഹാജരായ | | ക്ലാസ്സ് | ഡിവിഷൻ | പീരിഡ് | വിഷയം |
|---|---|---|---|---|---|
| തീയതി | ദിവസം | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ സത്യമെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
പ്രധാനാധ്യാപകന്റെ പേര്:
സ്കൂളിന്റെ പേര്:

സ്ഥലം:
തീയതി: (സ്കൂൾ സീൽ)

## അനുബന്ധം – 8
## ജില്ലാവിദ്യാഭ്യാസ ഓഫീസുകളുടെ ലിസ്റ്റ്

| ജില്ല | ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പേര് |
|---|---|
| തിരുവനന്തപുരം | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, തിരുവനന്തപുരം |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, നെയ്യാറ്റിൻകര |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ആറ്റിങ്ങൽ |
| കൊല്ലം | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കൊല്ലം |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, പുനലൂർ |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കൊട്ടാരക്കര |
| പത്തനംതിട്ട | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, പത്തനംതിട്ട |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, തിരുവല്ല |
| ആലപ്പുഴ | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ആലപ്പുഴ |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കുട്ടനാട് |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, മാവേലിക്കര |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ചേർത്തല |
| കോട്ടയം | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോട്ടയം |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, പാല |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കടുത്തുരുത്തി |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കാഞ്ഞിരപ്പള്ളി |
| ഇടുക്കി | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, തൊടുപുഴ |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കട്ടപ്പന |
| എറണാകുളം | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, എറണാകുളം |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, മൂവാറ്റുപുഴ |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ആലുവ |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോതമംഗലം |
| തൃശ്ശൂർ | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, തൃശ്ശൂർ |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ഇരിഞ്ഞാലക്കുട |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ചാവക്കാട് |
| പാലക്കാട് | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, മണ്ണാർക്കാട് |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ഒറ്റപ്പാലം |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, പാലക്കാട് |
| മലപ്പുറം | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, മലപ്പുറം |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, തിരൂർ |

| | |
|---|---|
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, വണ്ടൂർ |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, തിരൂരങ്ങാടി |
| കോഴിക്കോട് | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോഴിക്കോട് |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, വടകര |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, താമരശ്ശേരി |
| വയനാട് | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, വയനാട് |
| കണ്ണൂർ | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കണ്ണൂർ |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, തളിപറമ്പ |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, തലശ്ശേരി |
| കാസറഗോഡ് | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കാഞ്ഞങ്ങാട് |
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കാസറഗോഡ് |

**അനുബന്ധം – 9**

**TIME TABLE**

**SANSKRIT TEACHERS EXAMINATION – MARCH 2018-19**

| Sl.No | Papers | Date of Examination | Time |
|---|---|---|---|
| Paper - 1 | | | |
| 1. | Paper – I Educational Psychology, Principles of Teaching Child Development and Pedagogy | 01.03.2019 (Friday) | 9.45 am To 1.00 pm |
| 2. | Paper – II Pedagogy of Teaching – Sanskrit, English and Malayalam | 02.03.2019 (Saturday) | 9.45 am To 1.00 pm |
| Part II | | | |
| 3. | Paper III Poetry | 05.03.2019 (Tuesday) | 9.45 am To 1.00 pm |
| 4. | Paper IV Prose: Champu, Drama | 06.03.2019 (Wednesday) | 9.45 am To 1.00 pm |
| 5. | Paper V Vyakarana, Vritha, Alankara | 07.03.2019 (Thursday) | 9.45 am To 1.00 pm |
| 6. | Paper VI History of Sanskrit Literature with reference to Sanskrit writers in Kerala | 08.03.2019 (Friday) | 9.45 am To 1.00 pm |

| ARABIC TEACHERS EXAMINATION – MARCH 2018-19 | | | |
|---|---|---|---|
| Sl.No | Papers | Date of Examination | Time |
| Paper - 1 | | | |
| 1. | Paper – I - Foundation of Education: Philosophical, Sociological, Psychological and Technological | 01.03.2019 (Friday) | 9.45 am To 1.00 pm |
| 2. | Paper – II - Language & Language Learning | 02.03.2019 (Saturday) | 9.45 am To 1.00 pm |
| 3. | Paper - III - Classical and Modern Prose | 05.03.2019 (Tuesday) | 9.45 am To 1.00 pm |
| 4. | Paper - IV - Classical and Modern Poetry | 06.03.2019 (Wednesday) | 9.45 am To 1.00 pm |
| 5. | Paper – V - Applied grammar, Rhetorics, Prosody and Functional Arabic | 07.03.2019 (Thursday) | 9.45 am To 1.00 pm |
| 6. | Paper – VI - History of Arabs, Arabic Language & Literature | 08.03.2019 (Friday) | 9.45 am To 1.00 pm |
| **URDU TEACHERS EXAMINATION – MARCH 2018-19** | | | |
| Sl.No | Papers | Date of Examination | Time |
| Paper - 1 | | | |
| 1. | Paper – I - Foundation of Education: Philosophical, Sociological, Psychological and Technological | 01.03.2019 (Friday) | 9.45 am To 1.00 pm |
| 2. | Paper – II - Language & Language Learning Urdu | 02.03.2019 (Saturday) | 9.45 am To 1.00 pm |
| 3. | Paper - III – Urdu Prose | 05.03.2019 (Tuesday) | 9.45 am To 1.00 pm |
| 4. | Paper - IV – Urdu Poetry | 06.03.2019 (Wednesday) | 9.45 am To 1.00 pm |
| 5. | Paper – V - Functional Urdu | 07.03.2019 (Thursday) | 9.45 am To 1.00 pm |
| 6. | Paper – VI - History of Urdu Language & Literature | 08.03.2019 (Friday) | 9.45 am To 1.00 pm |